**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2570** **15-10-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ സ്റ്റാഫ് സഹകരണ സൊസൈറ്റി തട്ടിപ്പുമായി ബന്ധപ്പെട്ട അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ സ്റ്റാഫ് സഹകരണ സൊസൈറ്റി തട്ടിപ്പുമായി ബന്ധപ്പെട്ട സഹകരണ വകുപ്പ് മുഖേനയുള്ള അന്വേഷണം പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (എ) | കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട്, ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികൾക്കെതിരെ തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ), കേരള സഹകരണ നിയമം വകുപ്പ് 68(2) പ്രകാരം സർചാർജ്ജ് ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന് എതിരായി ബന്ധപ്പെട്ട കക്ഷികൾ സർക്കാരിലേയ്ക്ക് സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നടപടികളെ ചോദ്യം ചെയ്ത് സർചാർജ്ജ് ഉത്തരവിൽ ഉൾപ്പെട്ട കക്ഷികൾ ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത റിട്ട് പെറ്റീഷനുകളിൽ സർചാർജ്ജ് ഉത്തരവിൻമേലുള്ള തുടർ നടപടികൾ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. സ്റ്റേ ഒഴിവാക്കുന്നതിനായും റിട്ട് പെറ്റീഷനുകൾ തീർപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ